# മധുരമായ കുട്ടികളേ - ഭഗവാൻ, ആരെയാണോ മുഴുവൻ ലോകവും ഓർമ്മിക്കുന്നത്, നിങ്ങളുടെ സന്മുഖത്തിരിക്കുകയാണ്, നിങ്ങൾ അങ്ങിനെയുള്ള ബാബയിൽ നിന്നും മുഴുവൻ സമ്പത്തും എടുക്കൂ, മറക്കരുത്.

**ചോദ്യം:-** ബാബയുടെ ശ്രീമത പ്രകാരം യഥാർത്ഥ രീതിയിൽ നടക്കുന്നതിനുള്ള ശക്തി ഏതു കുട്ടികളിലാണുള്ളത്?
**ഉത്തരം:-** ഏതു കട്ടികളാണോ തങ്ങളുടെ സത്യം സത്യമായ കണക്ക് ബാബയെ കേൾപ്പിച്ച് ഓരോ ചുവടിലും നിർദ്ദേശമെടുക്കുന്നത്. ബാബയിൽ നിന്ന് നിർദ്ദേശമെടുത്താൽ, അപ്രകാരം നടക്കുന്നതിനുള്ള ശക്തിയും ലഭിക്കുന്നു. ബാബ കുട്ടികൾക്ക് ശ്രീമതം നൽകുകയാണ് - കുട്ടികളേ, ആ സമ്പാദ്യത്തിന് പിറകെപ്പോയി ഈ സമ്പാദ്യം കളയരുത്, എന്തുകൊണ്ടെന്നാൽ ആ ചില്ലിക്കാശുകളുടെ സമ്പാദ്യം മുഴുവനും നശിക്കാൻ പോകുകയാണ്. ഓരോ കാര്യത്തിലും ശ്രീമതമെടുത്ത് വളരെ ശ്രദ്ധ വെച്ച്, സ്വയത്തെ സംരക്ഷിക്കണം. തന്നിഷ്ട പ്രകാരം നടക്കരുത്.

**ഗീതം:-** ആകാശ സിംഹാസനത്തെ ഉപേക്ഷിച്ചാലും.....

**ഓം ശാന്തി**. ഇപ്പോൾ കുട്ടികൾ സന്മുഖത്തിരിക്കുകയാണ്, ആരുടെ? പരിധിയില്ലാത്ത അച്ഛന്റെയും ജേഷ്ഠന്റെയും. ഇത് വളരെ അത്ഭുതകരമായ കാര്യമാണ്. പരിധിയില്ലാത്ത അച്ഛൻ പരമപിതാ പരമാത്മാവും പരിധിയില്ലാത്ത ദാദ പ്രജാപിതാ ബ്രഹ്മാവും, രണ്ടു പേരും സന്മുഖമിരിക്കുന്നു. ആരുടെ? കുട്ടികളുടെ. അപ്പോൾ ഇത് ഈശ്വരീയ കുടുംബമാണ് (പരിവാരമാണ്) ഇരിക്കുന്നത്, മാത്രമല്ല പരിധിയില്ലാത്ത അച്ഛൻ കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ് അഥവാ സഹജ രാജയോഗം പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ബുദ്ധിയിലിരിക്കുകയാണെങ്കിൽ പരിധിയില്ലാത്ത സന്തോഷമുണ്ടായിരിക്കും. ഗീതവും ഇങ്ങിനെ പറയുകയാണ്, ബാബ വരൂ, ഈ സമയത്ത് വളരെ ദുഃഖമാണ്. എല്ലാവരും ആഹ്വാനം ചെയ്തുകൊണ്ടേയിരിക്കുകയാണ്, എന്നാൽ ബാബ ഇവിടെ നിങ്ങളുടെ സന്മുഖമിരിക്കുകയാണ്. നിങ്ങൾ കുട്ടികൾക്കറിയാം ബാബ ഈ ദാദ മുഖേന നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടികളിലും നമ്പർവാർ പുരുഷാർത്ഥമനുസരിച്ചാണ് ബുദ്ധിയിൽ നിശ്ചയമുള്ളത്. വക്കീൽ ഭാഗം പഠിക്കുകയാണെങ്കിൽ നിശ്ചയമുണ്ടാകുമല്ലോ- ഇദ്ദേഹം നമ്മെ വക്കീൽ ഭാഗം പഠിപ്പിക്കുകയാണെന്ന്! ഇന്ന സർജൻ നമ്മെ സർജറി പഠിപ്പിക്കുയാണ്. ഇവിടെയാണെങ്കിൽ ഇപ്പോളിപ്പോൾ പറയുന്നു ഞങ്ങൾക്ക് ഉറച്ച നിശ്ചയമുണ്ട്, പരിധിയില്ലാത്ത നിരാകാരൻ നമ്മെ പഠിപ്പിക്കുകയാണ്, രാജയോഗം പഠിപ്പിക്കുകയാണ്. ഇപ്പോളിപ്പോൾ എവിടെയെങ്കിലും ദൂരെ പോയിയെങ്കിൽ നിശ്ചയം മുറിയുന്നു. അത്ഭുതം തന്നെയല്ലേ! ഭഗവാൻ, ആരെയാണോ മുഴുവൻ ലോകവും ഓർമ്മിക്കുന്നത്, അദ്ദേഹം തന്നെ കുട്ടികളുടെ മുന്നിലിരുന്ന് പറയുകയാണ് - കുട്ടികളേ, ഇപ്പോൾ നല്ല രീതിയിൽ അച്ഛനിൽ നിന്ന് സമ്പത്തെടുക്കാനുള്ള പുരുഷാർത്ഥം ചെയ്യൂ. മനസ്സിലാക്കുന്നുമുണ്ട്, എന്നിട്ടും സെക്കന്റിൽ മറന്നും പോകുന്നു. നിങ്ങൾ പരിധിയില്ലാത്ത അച്ഛന്റെ മുന്നിലിരിക്കുകയാണ്, ഓരോ ചുവടും ശ്രീമതപ്രകാരം നടക്കണം. എന്നാൽ അവർ മാത്രമേ നടക്കുകയുള്ളൂ, ആരുടെയാണോ മുഴുവൻ വിവരങ്ങളും ബാബയെ കേൾപ്പിച്ചിട്ടുള്ളത്. കുട്ടികളുടെ ഇരിപ്പിന്റേയും നടപ്പിന്റേയും മുഴുവൻ വിവരങ്ങളും ബാബയുടെ പക്കലെത്തണം. അപ്പോൾ ബാബയും അറിയും, മാത്രമല്ല, ആ രീതിയിൽ സമയമനുസരിച്ച് നിർദ്ദേശങ്ങളും നൽകിക്കൊണ്ടിരിക്കും. ഓരോ ചുവടിലും ശ്രീമത്തെടുക്കണം. ഇത് ഈശ്വരീയ വിദ്യാലയമാണ്, ഇതിൽ നല്ലരീതിയിൽ പഠിക്കണം. ഇന്ന് പഠിച്ചു, പിന്നെ എന്തെങ്കിലും ജോലിയുണ്ടായി, അപ്പോൾ പഠനത്തെ ഉപേക്ഷിച്ചു,അങ്ങിനെയല്ല. ആ ജോലികളെല്ലാം തന്നെ ചില്ലിക്കാശിന്റേതാണ്. ഈ ലോകത്തിൽ മനുഷ്യർ ചെയ്യുന്ന സമ്പാദ്യങ്ങളെല്ലാം തന്നെ, കൂടെയിരിക്കാൻ പോകുന്നതല്ല. എല്ലാം വിനാശം പ്രാപിക്കാൻ പോകുന്നതാണ്. അച്ഛൻ സമ്പാദിക്കുകയാണ് കുട്ടികൾക്കുവേണ്ടി. വിചാരിക്കുകയാണ്, പുത്രന്മാരും, പേരക്കുട്ടികളും, അവരുടെ കുട്ടികളും കഴിച്ചുകൊണ്ടിരിക്കുമെന്ന്. പിന്നെ കുട്ടി അച്ഛനായി മാറിയാൽ തന്റെ കുട്ടികൾക്കുവേണ്ടി പരിശ്രമിക്കാൻ തുടങ്ങും. ഇപ്പോഴാണെങ്കിൽ വിനാശം മുന്നിൽ നിൽക്കുകയാണ്. അതുകൊണ്ട് ബാബയ്ക്ക് കുട്ടികളുടെ കണക്കുകൾ മനസ്സിലായാൽ, ബാബ വഴി പറഞ്ഞു തരും. ഓരോ ചുവടിലും നിർദ്ദേശമെടുക്കണം. ഇങ്ങിനെയാകരുത്, വികർമ്മങ്ങളുണ്ടായി. ഇത് പരിധിയില്ലാത്ത വീടാണ്. ബാബ ഇങ്ങിനെയിരുന്ന് മനസ്സിലാക്കിത്തരുകയാണ്, ഏതു പോലെ പരിധിയുള്ള വീട്ടിൽ ലൗകിക അച്ഛൻ പറഞ്ഞുതരുന്നു. എല്ലാ കുട്ടികളും മനസ്സിലാക്കുന്നു, തങ്ങൾ ബ്രാഹ്മണരാണെന്ന്. ആരോടെങ്കിലും ചോദിക്കൂ, ഭഗവാൻ നിങ്ങളുടെ ആരാണ്? അപ്പോൾ പറയും ഭഗവാൻ എല്ലാവരുടേയും അച്ഛനാണ്. പിന്നെ ചോദിക്കൂ, ഭഗവാൻ എവിടെയാണ് വസിക്കുന്നത്? അപ്പോൾ പറ

യും, സർവ്വവ്യാപിയാണെന്ന്. പരിധിയില്ലാത്ത അച്ഛനെ അറിയുന്നില്ല. നിങ്ങൾ കുട്ടികൾ ഇപ്പോൾ ബാബയെ യഥാർത്ഥ രീതിയിൽ അറിയുന്നു, അങ്ങിനെയാണെങ്കിൽ ദേവീക മതപ്രകാരം നടക്കണം. ബാബ ദേവീ–ദേവതയാക്കി മാറ്റാൻ വേണ്ടി വന്നിരിക്കുകയാണ്. ഓരോ ചുവടും ശ്രീമതപ്രകാരം നടക്കണം. വഴി കാട്ടികൾ തീർത്ഥയാത്രകളിൽ കൊണ്ടുപോകുമ്പോൾ വളരെയധികം ശ്രദ്ധ വെപ്പിക്കാറുണ്ട്, പറയും സൂക്ഷിച്ച് നടക്കൂ. എന്നാൽ ഇങ്ങിനെയുള്ളവരുമുണ്ട്, തീർത്ഥയാത്ര മുതലായതിനെ അംഗീകരിക്കാത്തവർ. തീർത്ഥയാത്ര അർത്ഥം ഭക്തി. തീർത്ഥയാത്രയെ അംഗീകരിക്കുന്നില്ല അർത്ഥം ഭക്തിയെ അംഗീകരിക്കുന്നില്ല. ഭക്തി മാർഗ്ഗം അരക്കല്പം നടക്കുന്നു. ഭഗവാനെ അന്വേഷിച്ച് നടന്നുകൊണ്ടിരിക്കുന്നു. വളരെയധികം ഭാവന വെക്കുന്നു. ശിവന്റെ മുന്നിൽ വളരെ പേർ പോകുന്നു. കരുതുകയാണ് ഭഗവാന്റെ സാക്ഷാൽക്കാരമുണ്ടാകട്ടെ, ഇതാണ് ഭാവന. പിന്നെ സാക്ഷാൽക്കാരമുണ്ടായാൽ വളരെയധികം സന്തോഷിക്കുന്നു. കരുതുകയാണ് എനിക്ക് ഭഗവാനെ ലഭിച്ചു, കൃഷ്ണനെ കണ്ടു, ഹനുമാനെ കണ്ടു. മതി, ഇപ്പോൾ എനിക്ക് മുക്തി ലഭിച്ചു. എന്നാൽ മുക്തി ആർക്കും ലഭിക്കുന്നില്ല.

ഇപ്പോൾ ബാബ നല്ല രീതിയിൽ മനസ്സിലാക്കിത്തരികയാണ് കുട്ടികളേ, നിങ്ങളിപ്പോൾ ഒന്നാമതായി സർവ്വർക്കും ബാബയുടെ പരിചയം നൽകൂ. ഈ സമയത്ത് സർവ്വരും ദരിദ്രരാണ്, നിങ്ങളും അങ്ങിനെയായിരുന്നു. ഇപ്പോൾ ബാബയിലൂടെ എല്ലാം മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. പറയാറുണ്ടല്ലോ, ഞാൻ നീചനാണ്, പാപിയാണ്. ശരി, ആരാണ് നിങ്ങളെ ഇങ്ങനെ നീചനാക്കി മാറ്റിയത്? ആർക്കും അറിയുകയില്ല. ആരും സ്വയം വിഡ്ഢിയാണെന്ന് അംഗീകരിക്കുകയില്ല. ഈ ഡ്രാമ അനാദിയായി ഉണ്ടാക്കപ്പെട്ടതാണ്, എല്ലാവർക്കും താഴോട്ട് വരിക തന്നെ വേണം, ഭ്രഷ്ടാചാരിയാകുക തന്നെ വേണം. ഇപ്പോൾ ഇങ്ങിനെ ചിന്തിക്കണം നാം ഈശ്വരീയ കുടുംബത്തിലുള്ളവരാണ്. ഭഗവാൻ നമ്മുടെ അച്ഛനാണെങ്കിൽ തീർച്ചയായും നാം വിശ്വത്തിന്റെ അധികാരികളാകണം. പിന്നെ എന്തുകൊണ്ട് ഇങ്ങിനെയുള്ള ദുർഗ്ഗതിയിലായി? ഇങ്ങിനെയുള്ള ചിന്ത ആരുടേയും ബുദ്ധിയിൽ വരുന്നില്ല. ഒരുഭാഗത്ത് പറയുന്നു പരമാത്മാവ് സർവ്വവ്യാപിയാണ്, മറുഭാഗത്ത് പറയുന്നു എങ്ങിനെ വിശ്വത്തിൽ ശാന്തിയുണ്ടാകും! എല്ലാവരും ആശയക്കുഴപ്പത്തിലാണ്. കോൺഫ്രൻസുകൾ ചെയ്തുകൊണ്ടേയിരിക്കുന്നു. മനസ്സിലാക്കിക്കൊടുത്താലും മനസ്സിലാകുന്നില്ല, അവരെല്ലാം അവസാനമേ മനസ്സിലാക്കുകയുള്ളൂ. നിങ്ങൾ കുട്ടികൾക്ക് യോഗത്തിലിരുന്ന് കർമ്മാതീതമായി മാറണം. നിങ്ങൾ തന്നെയായിരുന്നു സമ്പൂർണ്ണ നിർവികാരികൾ, ഇപ്പോൾ വീണ്ടും ആകണം. ബാക്കി, ഈ കാണുന്ന ധർമ്മങ്ങളൊന്നും തന്നെ സത്യയുഗത്തിലുണ്ടാകുകയില്ല. ആരാണോ സത്യയുഗത്തിലുണ്ടായിരുന്നത് അവർ തന്നെയാണ് വളരെക്കാലമായി വേർപെട്ടിരിക്കുന്നത്. അവരെത്തന്നെയാണ് വേർപാടിനുശേഷം തിരിച്ച് കിട്ടിയവർ എന്നു പറയുന്നത്. ആത്മാവും പരമാത്മാവും വേർപെട്ടിരുന്നു അനേക കാലം . .. ഏതാത്മാക്കളാണോ പരമംധാമിൽ നിന്ന് ആദ്യമാദ്യം ഇവിടെ പാർട്ട് അഭിനയിക്കാൻ വരുന്നത്! ആദ്യമാദ്യം പാർട്ടഭിനയിക്കാൻ വരുന്നത് ദേവീ–ദേവതാ ധർമ്മത്തിൽ പെട്ടവരാണ്. അവരെത്തന്നെയാണ് അവരുടെ ധർമ്മത്തിലേയ്ക്ക് കൊണ്ടുവരേണ്ടത്. ബാബ പറയുകയാണ് – അവർക്കുവേണ്ടിയാണ് ഞാൻ വരുന്നത്. ഒപ്പം തന്നെ എല്ലാവർക്കും വേണ്ടിയും വരേണ്ടിയിരിക്കുന്നു, എന്തെന്നാൽ എല്ലാവർക്കും മുക്തി നൽകേണ്ടതുണ്ട്. ഇപ്പോഴാണെങ്കിൽ ദേവതാധർമ്മം തന്നെയില്ല. അതിന്റെ തന്നെതൈയ്യാണ് നടേണ്ടിയിരിക്കുന്നത്. ഓരോരുത്തരും ഓരോരോ ധർമ്മങ്ങളിൽ പോയിരിക്കുകയാണ്. അവർ തന്നെയാണ് തിരിച്ച് വരുന്നതും. ഈ ധർമ്മത്തിന്റെ സ്ഥാപന എത്ര അത്ഭുതകരമാണ്, ഇത് ആർക്കും മനസ്സിലാക്കാൻ കഴിയുകയില്ല, ദേവീ–ദേവതാ ധർമ്മത്തിന്റെ സ്ഥാപന എങ്ങിനെയാണ് നടക്കുന്നതെന്ന്! ഇത്രയും സമയം ദേഹാഭിമാനത്തിലിരുന്നവർക്ക്, ദേഹീയഭിമാനിയായി മാറുന്നതിന് വളരെ പരിശ്രമം ആവശ്യമാണ്. ഇടക്കിടെ മറന്നു പോകുകയാണ്. ബാബ പറയുകയാണ്, നടന്നും ഇരുന്നും എന്നെ ഓർമ്മിക്കൂ. നിങ്ങളുടെ ശിരസ്സിൽ വികർമ്മങ്ങളടെ വളരെ ഭാരമുണ്ട്. നിങ്ങൾ വളരെയധികം സുഖവും കണ്ടിട്ടുണ്ട്, വളരെയധികം ദുഃഖവും കണ്ടിട്ടുണ്ട്. ഇപ്പോൾ നിങ്ങളെ ദുഃഖത്തിൽ നിന്നും സുഖത്തിലേക്ക് കൊണ്ടുപോകുകയാണ്. അതുകൊണ്ട് ശ്രീമതപ്രകാരം നടക്കുകയും മറ്റുള്ളവർക്ക് ഓർമ്മ ഉണർത്തുകയും വേണം. സൃഷ്ടിചക്രത്തിന്റെ രഹസ്യത്തെ മനസ്സിലാക്കിക്കൊടുക്കുക എന്നത് വളരെ എളുപ്പമാണ്. അവരെത്തന്നെയാണ് ത്രികാലദർശികളെന്നു പറയുന്നത്.

ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് – പറയൂ, നിങ്ങൾ ഭഗവാന്റെ കുട്ടികളല്ലേ. ഭഗവാനാണ് സ്വർഗ്ഗത്തിന്റെ രചയിതാവ്, തീർച്ചയായും നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കണം. ഈ കാര്യം നിങ്ങൾക്ക് മാത്രമേ അറിയുകയുള്ളൂ, മാത്രമല്ല നിങ്ങൾക്ക് മാത്രമേ ഇങ്ങിനെ ചോദിക്കാനും കഴിയുകയുള്ളൂ. ഈശ്വരനാണ് നിങ്ങളെ സൃഷ്ടിച്ചതെങ്കിൽ നിങ്ങൾ ഈശ്വരന്റെ സമ്പത്തിന് അവകാശികളാകണമല്ലോ. ഈശ്വരനാകുന്ന അച്ഛൻ സ്വർഗ്ഗത്തിന്റെ രചയിതാവാണ്, പിന്നെ എന്തുകൊണ്ടാണ് നിങ്ങൾ നരകത്തിൽ കിടക്കുന്നത്! നിങ്ങൾ കുട്ടികൾക്കറിയാം നാം ആദ്യം സ്വർഗ്ഗത്തിലായിരുന്നു. രാവണനാണ് നിങ്ങളെ നരകത്തിലേക്ക്

തള്ളിയിരിക്കുന്നത്. രാവണൻ എന്താണെന്നുപോലും ആർക്കും അറിയുകയില്ല. നിങ്ങൾക്ക് പറഞ്ഞു കൊടുക്കാൻ കഴിയും ഭാരതം തന്നെയായിരുന്നു പ്രാചീന സ്വർഗ്ഗം, ഭാരതവാസികൾ തന്നെയായിരുന്നു സ്വർഗ്ഗത്തിന്റെ അധികാരികൾ. ഇപ്പോഴാണ് ഭാരതം നരകമായിരിക്കുന്നത്. ഈ കളി ഇങ്ങിനെ ഉണ്ടാക്കപ്പെട്ടതാണ്. രാമരാജ്യവും രാവണരാജ്യവും പകുതി പകുതിയാണ്. ഇതു തന്നെയാണ് കളി. പിന്നെ ഇതിനിടയിൽ എന്തെല്ലാമാണ് നടക്കുന്നത്, അതും വിസ്താരത്തിൽ ബാബ മനസ്സിലാക്കിത്തിരികയാണ്. ചില ചില കുട്ടികൾ വളരെ നിശ്ചയബുദ്ധികളാണ്, അവർ മനസ്സിലാക്കുകയാണ് നാം ബാബയ്ക്ക് മുന്നിൽ ഇരിക്കുകയാണ്. ബാബ ത്രിനേത്രിയും, ത്രികാലദർശിയും, ത്രിമൂർത്തിയുമാണ്. ബ്രഹ്മാ-വിഷ്ണു-ശങ്കരന്മാരുടെയും രചയിതാവാണ്. ത്രിമൂർത്തി ശിവനു പകരം ത്രിമൂർത്തി ബ്രഹ്മാവ് എന്ന് പറഞ്ഞു. അങ്ങിനെയാണെങ്കിൽ ത്രിമൂർത്തിയുടെ രചയിതാവ് ബ്രഹ്മാവിനെങ്ങിനെയാകാൻ കഴിയും. പാടുന്നുമുണ്ട് ബ്രഹ്മാവിലൂടെ സ്ഥാപന, ശങ്കരനിലൂടെ വിനാശം, അങ്ങിനെയാണെങ്കിൽ രചയിതാവ് വേറെ ആരെങ്കിലും ആയിരിക്കണമല്ലോ. ഇത്രയും ചെറിയ കാര്യവും ആരും മനസ്സിലാക്കുന്നില്ല. ശിവബാബ ബ്രഹ്മാവിലൂടെ സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകും, അല്ലാതെ വേറെ എന്തു നൽകാനാണ്. വിഷ്ണുപുരി ആരാണ് സ്ഥാപന ചെയ്യുന്നത്? വിഷ്ണുപുരി അതായത് ലക്ഷ്മീ-നാരായണന്റെ രാജ്യം സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്, ഇതും ആർക്കും തന്നെ അറിയുകയില്ല. വിഷ്ണുവിന്റെ വേറെ ചിത്രമുണ്ടാക്കി, അദ്ദേഹത്തെ നര-നാരായണൻ എന്നു പറയുന്നു, പിന്നീട് ലക്ഷ്മീയുടേയും നാരായണന്റെയും വേറെ വേറെ ഉണ്ടാക്കിയിരിക്കുകയാണ്. എത്ര മനോഹരമായ ചിത്രങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്.

നിങ്ങൾ കുട്ടികൾക്ക് പ്രദർശിനിയിൽ പറഞ്ഞുകൊടുക്കേണ്ടതുണ്ട്. പ്രദർശിനി വെച്ചിരിക്കുന്ന സമയത്ത് തന്റെ തന്നെ ജോലികളിൽ മുഴുകിയിരിക്കുകയാണെങ്കിൽ മനസ്സിലാക്കണം ഈ കുട്ടികൾ ബാബയെ മനസ്സിലാക്കിയിട്ടില്ല. ബാബ മനസ്സിലാക്കുകയാണ് ഇവർ സ്വയം തന്നെ നല്ല രീതിയിൽ മനസ്സിലാക്കിയിട്ടില്ല അതുകൊണ്ടാണ് സേവനത്തിന് വരാത്തത്. അല്ലെങ്കിൽ സേവനത്തിന് ഓടി എത്തേണ്ടതായിരുന്നു. അന്ധരുടെ ഊന്നുവടിയാകുന്നില്ല അർത്ഥം സ്വയം അന്ധനാണ്. ബാബയെ തിരിച്ചറിഞ്ഞിട്ടില്ല. സേവനത്തിന് വരാൻ വേണ്ടി ആരോടെങ്കിലും പറയേണ്ട ആവശ്യമുണ്ടോ. സ്വയം തന്നെ വരണം, ബാബ എനിക്ക് സേവനത്തിന് പോകാൻ കഴിയും, അങ്ങ് അനുമതി നൽകിയാലും. ബാബയ്ക്കറിയാം ആർക്കെല്ലാം സേവനം ചെയ്യാൻ കഴിയുമെന്ന്. ആരും ഇങ്ങിനെ എഴുതുന്നില്ല, ബാബ ഞാൻ റെഡിയാണ്. മനുഷ്യരെ കക്കയിൽ നിന്ന് മുത്തുകളാക്കി മാറ്റേണ്ടതുണ്ട്. 10-20-50 സമ്പാദിച്ചില്ലായെങ്കിൽ എന്തു സംഭവിക്കാനാണ്. വളരെ പേരുടെ മംഗളം ചെയ്യാനിരിക്കുന്നുണ്ട്. എന്നാൽ നല്ല രീതിയിൽ മനസ്സിലാക്കിയിട്ടില്ല. കോടിയിൽ ചിലർ മാത്രമേ മനസ്സിലാക്കിയിട്ടുള്ളൂ. നമ്മുടെ പക്കലും സർവ്വീസബിളായ കുറച്ചു കുട്ടികളുണ്ട്, അവരെ ടെലിഗ്രാം കൊടുത്ത് വിളിക്കേണ്ടിയിരിക്കുന്നു. സ്വയം പറയുന്നില്ല, ബാബ ഞാൻ തയ്യാറാണെന്ന്. ബാബ കാണുകയാണ് ആർക്കാണ് സേവനത്തിൽ താല്പര്യമുള്ളതെന്ന്. മൃഗതുല്യരായി മാറിയിരിക്കുന്ന മനുഷ്യരെ ദേവതകളാക്കി മാറ്റേണ്ടതുണ്ട്.

നിങ്ങൾ കുട്ടികൾക്ക് നിരഹങ്കാരികളാകണം. ശിരസ്സിൽ വളരെ വിനയം വേണം. ബാബ എത്ര നിരഹങ്കാരിയാണ്? ചില ചില കുട്ടികളിൽ വളരെയധികം അഹങ്കാരമുണ്ട്. ഞാൻ എങ്ങിനെയുള്ള കർമ്മമാണോ ചെയ്യുന്നത്, എന്നെ നോക്കി മറ്റുള്ളവരും അനുഗമിക്കും. അതിന്റെ ശിക്ഷ, അവരുടെ അവസ്ഥയെ വീഴ്ത്തും. ബാബ പറയുകയാണ് കുട്ടികളേ, നിങ്ങൾക്ക് എല്ലാം തന്റെ കൈകൾകൊണ്ടു തന്നെ ചെയ്യണം. ബാബ എത്ര സാധാരണ രീതിയിലാണ് പഠിപ്പിക്കുന്നത്. മനുഷ്യർ കരുതുകയാണ് - ബാബ സർവ്വശക്തിവാനാണ്, എന്താണ് ചെയ്യാൻ കഴിയാത്തത്! എന്നാൽ ബാബ പറയുകയാണ് എനിക്കിവിടെ സേവകനായി വരേണ്ടിയിരിക്കുന്നു. വിളിക്കുന്നുമുണ്ട് ജ്ഞാനസാഗരാ, പതിത-പാവനാ വരൂ. സുഖ സാഗരാ വരൂ, വന്ന് ഞങ്ങൾ പതിതരെ പാവനമാക്കി മാറ്റൂ. ബാബയ്ക്ക് വന്ന് ഇങ്ങിനെയുള്ള സേവനം ചെയ്യേണ്ടിയിരിക്കുന്നു. എവിടെ വന്നാണ് ഇരിക്കേണ്ടിവരുന്നത്? എന്തെല്ലാം തരത്തിലുള്ള വിഘ്നങ്ങളാണ് വരുന്നത്. അരക്കില്ലത്തിന് തീ കൊളുത്തിയിരുന്നു, എല്ലാം പ്രാക്ടിക്കലായി നടന്നുകൊണ്ടിരിക്കുകയാണ്. ബാബയ്ക്ക് എല്ലാവരുടെ പാർട്ടുകളും അറിയാം, നമുക്കറിയുകയില്ല. ബാബ പറയുകയാണ് എനിക്ക് വരേണ്ടിയിരിക്കുന്നു. ഭഗവാൻ സ്വയം പറയുകയാണ് എനിക്ക് നിന്ദ കേൾക്കേണ്ടി വരുന്നു. ഏറ്റവും കൂടുതൽ നിന്ദ ഞാൻ തന്നെയാണ് കേൾക്കുന്നത്. ഭക്തി മാർഗ്ഗത്തിലും നിന്ദയാണ് ലഭിക്കുന്നത്. മൂന്നടി മണ്ണുപോലും ലഭിക്കുന്നില്ല. എന്നിട്ടും എത്ര നിരഹങ്കാരതയോടെയാണ് പാർട്ടഭിനയിക്കുന്നത്. കുട്ടികളെ പഠിപ്പിക്കുന്നതിനുവേണ്ടി മമ്മയും ബാബയും എല്ലാം ചെയ്യുന്നു. എത്ര താഴോട്ട് വരേണ്ടിയിരിക്കുന്നു. പതിതരെ പാവനമാക്കി മാറ്റേണ്ടതുണ്ട്. അഴുക്കു പിടിച്ച വസ്ത്രങ്ങളെ കഴുകേണ്ടിയിരിക്കുന്നു, അതുകൊണ്ട് അലക്കുകാരനുമാണ്, സ്വർണ്ണപ്പണിക്കാരനുമാണ്. എല്ലാവരെയും ഉരുക്കിയുരുക്കി, സത്യം സത്യമായ സ്വർണ്ണമാക്കി മാറ്റുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബാബയ്ക്കു സമാനം നിരഹങ്കാരിയും വിനയമുള്ളവരുമായി മാറണം. അവനവന്റെ സേവനങ്ങളെല്ലാം അവനവൻ തന്നെ ചെയ്യണം. ഒരു കാര്യത്തിലും അഹങ്കാരം കാണിക്കരുത്.

2) സേവനത്തിന് സദാ റെഡിയായിരിക്കണം. സേവനത്തിന് സ്വയം മുന്നോട്ട് വന്ന് ഓഫർ ചെയ്യണം. കക്കയ്ക്കു തുല്യരായ മനുഷ്യരെ വജ്രതുല്യമാക്കി മാറ്റുന്നതിന്റെ സേവനം ചെയ്യണം.

### വരദാനം:- സമ്പന്നതയുടെ ആധാരത്തിൽ സന്തുഷ്ടതയുടെ അനുഭവം ചെയ്യുന്ന സദാ തൃപ്ത ആത്മാവായി ഭവിക്കൂ

ആരാണോ സദാ നിറഞ്ഞ് അല്ലെങ്കിൽ സമ്പന്നമായി കഴിയുന്നത്, അവർ തൃപ്തമായിരിക്കും. എത്രതന്നെ അസന്തുഷ്ടമാക്കുന്ന പരിസ്ഥിതികൾ അവരുടെ മുന്നിൽ കൊണ്ടുവന്നാലും, തൃപ്ത ആത്മാവ് അസന്തുഷ്ടമാക്കുന്നവരെ പോലും സന്തുഷ്ടതയുടെ ഗുണം സഹയോഗത്തിന്റെ രൂപത്തിൽ നൽകും. ഇങ്ങനെയുള്ള ആത്മാവ് ദയാഹൃദയരായി ശുഭ ഭാവന ശുഭകാമനയിലൂടെ അവരെയും പരിവർത്തനം ചെയ്യുന്നതിന്റെ പ്രയത്നം ചെയ്യും. ഇതാണ് ആത്മീയ റോയൽ ആത്മാവിന്റെ ശ്രേഷ്ഠ കർമ്മം.

### സ്ലോഗൻ:- ഓർമ്മയുടെയും സേവനത്തിന്റെയും ഡബിൾ ലോക്കിടൂ എങ്കിൽ മായക്ക് വരാൻ സാധിക്കില്ല.